# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

07.07.2014-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ: 6049

<u>തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് വിഭജനത്തിന് ശാസ്ത്രീയമായ ഘടന</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>„ വി. ശിവൻകുട്ടി | | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| എ) | തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് വിഭജനത്തിന് ശാസ്ത്രീയമായ ഘടനയ്ക്ക് രൂപം നൽകിയിട്ടുണ്ടോയെന്നും ഇതിന് വ്യക്തമായ മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ; എത്രവർഷം കൂടുമ്പോൾ വാർഡ് വിഭജനം നടത്താനാണ് ഉമ്മൻകമ്മിറ്റി ശുപാർശ ചെയ്തിരുന്നത്; | എ) & ബി) | കേരള പഞ്ചായത്ത് രാജ് നിയമം 6,10 വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യയെ മാനദണ്ഡമാക്കിയാണ് പഞ്ചായത്തുകളുടെ വാർഡ് വിഭജനം സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ നടത്തുന്നത്. വികേന്ദ്രീകൃതാസൂത്രണവും വികസനവും സംബന്ധിച്ച അവലോകന റിപ്പോർട്ട് സമർപ്പിക്കാനായി 30.01.2007ലെ സ.ഉ.(സാധാ) നം.326/2007/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം രൂപീകരിക്കപ്പെട്ട ശ്രീ. എം.എ.ഉമ്മൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി വാർഡ് വിഭജനം സംബന്ധിച്ച ശിപാർശകളൊന്നും മുന്നോട്ട് വച്ചിട്ടില്ല. |
| ബി) | വിഭജനത്തിന്റെ മാനദണ്ഡത്തിൽ മാറ്റം വരാതിരിക്കാൻ എന്തെല്ലാം കരുതലുകൾ നിർദ്ദേശിച്ചിട്ടുണ്ട്; | | |
| സി) | ഇക്കാര്യത്തിൽ ശുപാർശ സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ് ; | സി) & ഡി) | വാർഡ് വിഭജനം സംബന്ധിച്ച ശുപാർശ സമർപ്പിക്കുന്നതിനായി സമിതി രൂപീകരിച്ചിട്ടില്ല. |
| ഡി) | പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ